എ.ഇ.എൽ/2140/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 3.2.2012
Email : keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in

# സർക്കുലർ നമ്പർ 03/2012

വിഷയം: സഹകണ വകുപ്പ് - സഹകരണ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - ലിക്വിഡേറ്റർക്ക് പരിശോധനാ റിപ്പോർട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് തുടങ്ങിയവ നൽകുന്നത് സംബന്ധിച്ച്

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം സംഘങ്ങളിൽ ലിക്വിഡേറ്റർമാരെ നിയമിച്ച് ജോയിന്റ് രജിസ്ട്രാർമാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. എന്നാൽ എല്ലാ ജില്ലകളിലെയും ലിക്വിഡേഷൻ സംബന്ധിച്ച് ലിക്വിഡേറ്റർ വശമുള്ള ഫയലുകൾ പരിശോധിച്ചതിൽ സംഘത്തിന് ഭരണസമിതി/ജീവനക്കാർ/മറ്റുള്ളവർ എന്നിവരിൽ നിന്ന് ഈടാക്കാനുള്ള തുകകൾ, ആസ്തികൾ എന്നിവ സംബന്ധിച്ച് ലിക്വിഡേറ്റർമാർക്ക് യാതൊരു അറിവും ഇല്ലെന്ന് കാണുന്നു.

ലിക്വിഡേഷന് ആധാരമായി ലിക്വിഡേറ്റ് ചെയ്യുന്നതിന് മുൻപ് നടത്തിയ 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്, വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട് എന്നിവയിൽ ഇക്കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ലിക്വിഡേറ്റർക്ക് ടി റിപ്പോർട്ടുകൾ കൈമാറാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സ്ഥിതിയാണ്. ആയതിനാൽ ലിക്വിഡേഷന് ഉത്തരവുണ്ടാകുന്ന വേളയിൽ, അന്വേഷണം/പരിശോധനാ റിപ്പോർട്ട്, സംഘത്തിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമായ ഉത്തരവിന്റെ പകർപ്പുകൾ, സംഘത്തിൽ അവസാനം ആഡിറ്റ് നടത്തി ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, മറ്റു രേഖകൾ എന്നിവ ടി ലിക്വിഡേഷൻ ഉത്തരവിനോടൊപ്പം നിർബന്ധമായും ലിക്വിഡേറ്റർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൂടി ജോയിന്റ് രജിസ്ട്രാർമാർ/ ജോയിന്റ് ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
ഡോ.എസ്.രവീന്ദ്രൻ.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ